പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3359 29/01/2014-ൽ മറുപടിയ്ക്ക്

## നാളീകേര വികസനത്തിന് വകയിരുത്തിയ തുക

ചോദ്യം
ശ്രീ. വി. ശശി

മറുപടി
ശ്രീ . കെ.പി.മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) 2013-14 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ നാളീകേര വികസനത്തിനായി 75 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നതിൻ പ്രകാരം ഏതെല്ലാം പരിപാടികൾക്കായാണ് തുക വകകൊള്ളിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 75 കോടി രൂപയുടെ നാളികേര വികസന പദ്ധതി പ്രകാരമുള്ള വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക (കോടി രൂപ ) |
|---|---|---|
| 1. | തെങ്ങിൻ തോട്ടങ്ങളുടെ സമഗ്ര പരിപാലനം | 42.00 |
| 2. | ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ മേൻമയുള്ള തെങ്ങിൻ തൈകളുടെയും സങ്കരയിനം തെങ്ങിൻ തൈകളുടെയും ഉൽപാദനം | 0.50 |
| 3. | നാളികേര വികസന ബോർഡ് പദ്ധതിക്കുള്ള സംസ്ഥാന വിഹിതം | 1.00 |
| 4. | നാളികേര ക്ലസ്റ്ററുകൾക്കുള്ള ധനസഹായം | 2.00 |
| 5. | നാളികേര ക്ലസ്റ്ററുകൾക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ നൽകുന്നതിന് | 2.00 |
| 6. | കുറുകിയ ഇനം തെങ്ങിൻ തൈകളുടെയും സങ്കരയിനം തെങ്ങിൻ തൈകളുടെയും ഉൽപാദനം | 2.00 |
| 7. | പദ്ധതി നടത്തിപ്പിനുള്ള പ്രവർത്തനങ്ങൾക്കായി വരുന്ന ചെലവിനായി | 0.50 |
| 8. | നാളികേര സംഭരണം | 25.00 |
| | ആകെ | **75.00** |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത തുകയിൽ 31.12.2013 വരെ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചിലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | ബി) | സംസ്ഥാനാവിഷ്കൃത തെങ്ങു കൃഷി വികസനത്തിനായി 42 കോടി അനുവദിച്ചതിൽ 31.12.2013 വരെ 3188.8876 ലക്ഷം രൂപ വിനിയോഗിച്ചു. |
| സി) | ഏതെല്ലാം കൃഷി ഭവനുകൾ വഴി പച്ച ത്തേങ്ങ സംഭരിക്കുന്നുവെന്നും ഇതിനായി 2012-13 വർഷത്തിൽ എത്ര തുക സംസ്ഥാ നത്ത് ആകെ ചിലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | സി) | 2012-13 കേരളത്തിലെ 8 ജില്ലകളിലെ 245 കൃഷി ഭവനുകൾ വഴി കേരഫെഡ് പച്ച നാളികേരം സംഭരിച്ചത് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. പ്രസ്തുത വർഷം പച്ച നാളികേരം സംഭരണത്തിനായി 7.497 കോടി രൂപ കേരഫെഡ് ചെലവഴിച്ചു. |
| ഡി) | 2013-14 വർഷത്തിൽ പുതുതായി ഏതെല്ലാം കൃഷി ഭവനിൽ ഈ പരിപാടി ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; 31.12.2013 വരെ ഇതിനായി ചെലവഴിച്ച തുകയെത്ര യെന്ന് വ്യക്തമാക്കാമോ? | ഡി) | 2013-14 വർഷത്തിൽ പുതുതായി 65 കൃഷി ഭവനുകളിൽ കൂടി പച്ച തേങ്ങ സംഭരണം ആരംഭിച്ചു. അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. 2013-14 വർഷത്തിൽ 30.9.2013 വരെ 10.151 കോടി രൂപ പ്രസ്തുത പദ്ധതിയ്ക്കായി കേരഫെഡ് വിനിയോഗിച്ചു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്